# ‘സൽപ്രവൃത്തികൾക്കായി സൃഷ്ടിക്കപ്പെട്ടവർ’

## എഫേസ്യർ 2:10

“നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു. നാം ചെയ്തു പോരേണ്ടതിന്നു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു..”

ദൈവം നമ്മെ സൃഷ്ടിച്ച് ഈ ഭൂമിയിലേക്ക് അയച്ചതിന്റെ കാരണം എന്താണ് എന്ന് നമുക്ക് വ്യക്തമാക്കി തരുന്നതായ ഒരു വാക്യമാണിത്. ഓരോ വ്യക്തിയെയും ദൈവം സൃഷ്ടിച്ചിരിക്കുന്നത് വ്യക്തമായ പദ്ധതിയോട് കൂടി തന്നെയാണ്. ദൈവത്തിന്റെ സ്വരൂപത്തിലും തേജസ്സിലും കൈപ്പണിയായി മെനയപ്പെട്ടവരാണ് നാം ഓരോരുത്തരും. എന്നാൽ മനുഷ്യന് പലപ്പോഴും അത് മനസ്സിലാക്കാൻ സാധിക്കുന്നില്ല എന്നതാണ് സത്യം. അതു കൊണ്ടാണ് വ്യക്തമായ ഉദ്ദേശമില്ലാതെ കഴിച്ചും കുടിച്ചും ലോകസുഖം തേടിയും ആയുസ്സ് പാഴാക്കിക്കളയുന്നത്. ഓരോരുത്തരിലും വ്യത്യസ്തമായ കഴിവുകൾ ദൈവം ദാനമായി നൽകിയിട്ടുണ്ട്. അത് മനസ്സിലാക്കി ഉപയോഗിച്ചുകൊണ്ട് ദൈവഹിതപ്രകാരം നാം ഭൂമിയിൽ ജീവിച്ച് അവന്റെ സന്നിധിയിൽ എത്തിച്ചേരണമെന്ന് പിതാവാം ദൈവം ആഗ്രഹിക്കുന്നു.

എന്നാൽ മനുഷ്യൻ ഇന്ന് എന്താണ് ചെയ്യുന്നത്. സൃഷ്ടാവിനെ മറന്ന് ദൈവം ദാനമായി കൊടുത്ത പലതും തന്റെ അവകാശമായി കണ്ടുകൊണ്ട് സ്വന്തഹിതപ്രകാരം നടക്കുന്നു. അവൻ നമ്മെ ജീവൻ തന്ന് രക്ഷിച്ച് പുതിയ സൃഷ്ടിയാക്കി എന്നാൽ അതിനു ശേഷം നാം എന്താണ് അവനു വേണ്ടി ചെയ്തത്? ചെയ്തുകൊണ്ടിരിക്കുന്നത്? ക്രിസ്തുവിനോട് ചേർന്ന് നിന്നുകൊണ്ട് നാം സത്പ്രവൃത്തികൾ ചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്നു. എന്നാൽ അത് ഒരു കൂട്ടം ആളുകളുടെ മാത്രം ജോലിയായി കണ്ട് അതിനെ നാം മാറ്റിവെയ്ക്കുന്നു. നാം ആയിരിക്കുന്ന സ്ഥലങ്ങളിൽ നമ്മെക്കൊണ്ട് ആകുന്ന പോലെ നന്മ ചെയ്യുവാൻ ദൈവം ആഗ്രഹിക്കുന്നു. അതിനായി ഇന്നും നമ്മെ ഈ ഭൂമിയിൽ നിറുത്തിയിരിക്കുന്നു.

ഈ ലോകത്തിലെ ജീവിതം അവസാനിക്കുന്നതോടു കൂടി നമുക്ക് സത്പ്രവൃത്തികൾ ചെയ്യാനുള്ള സമയവും അവസാനിക്കുന്നു. മറ്റുള്ളവരെ കരുതാനും സഹായിക്കാനും സുവിശേഷമറിയിക്കാനുമൊക്കെ നമുക്ക് ഈ ഭൂമിയിൽ ആയിരിക്കുമ്പോൾ മാത്രമേ സാധിക്കൂ. സ്വർഗ്ഗത്തിൽ ചെന്നാൽ ചെയ്യാൻ സാധിക്കാത്തതും ഭൂമിയിൽ ആയിരിക്കുമ്പോൾ മാത്രം ചെയ്യാൻ സാധിക്കുന്നതുമായ സത്പ്രവൃത്തികൾ ഉണ്ട്. അതു

തിരിച്ചറിഞ്ഞ് നാം അവനായി ജീവിക്കണം. ദൈവസ്നേഹം ഉള്ളവരും അത് മറ്റുള്ളവരിലേക്ക് പകരുന്നവരുമായിരിക്കേണം. അങ്ങനെ നമ്മെ കുറിച്ചുള്ള ദൈവഹിതം തിരിച്ചറിഞ്ഞ് സൃഷ്ടാവിനായി ജീവിക്കാൻ പരിശുദ്ധാത്മാവ് സഹായിക്കട്ടെ.

**പരാമർശം**

1 തിമോഥെയോസ്

**"ദൈവത്തിൽ ആശവെയ്പ്പാനും, നന്മ ചെയ്യാനും സൽപ്രവൃത്തികളിൽ സമ്പന്നരായി ദാനശീലരും ഔദാര്യമുള്ളവരുമായി സാക്ഷാലുള്ള ജീവനെ പിടിച്ചു കൊള്ളേണ്ടതിന്നു വരും കാലത്തേക്ക് നല്ലൊരു അടിസ്ഥാനം നിക്ഷേപിച്ചുകൊൾവാനും ആജ്ഞാപിക്ക"**

**സിസ്റ്റർ. നിനു ബിനു ബേബി ആലപ്പുഴ 046**